# ഇടയശബ്ദം

വിശ്വാസം ജീവിക്കുവാനുള്ളതാണ്. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണെന്ന് യാക്കോബുശ്ലീഹാ പറഞ്ഞിരിക്കുന്നു (യാക്കോ. 2:17). ജീവിക്കുന്ന വിശ്വാസം സമഗ്രമാണ്. വിശ്വാസത്തിന്റെ ഉദ്ദേശ്യം ദൈവീകശക്തി കൊണ്ട് ജീവിതത്തിലെ നിലപാടുകൾ തെരഞ്ഞെടുപ്പുകൾ ഇവ നിർവഹിക്കണം എന്നതാണ്. മൂല്യങ്ങൾക്കായുള്ള ഒരു സമർപ്പണം അനിവാര്യമാണ്. വിശ്വാസം ജീവിതത്തിന്റെ സമസ്തമേഖലയെയും സ്വാധീനിക്കണം. തികച്ചും വൈകാരികമായ ഒരു അനുഭൂതിയല്ല വിശ്വാസം. മറിച്ച് നന്മ ചെയ്യാൻ, ക്ഷമിക്കാൻ, പങ്കുവയ്ക്കാൻ, ആദരിക്കുവാൻ, കഠിനദ്ധ്വാനം ചെയ്യുവാൻ, നീതിയും സമാധാനവും പുലർത്തുവാൻ ഇവയ്ക്കു ഒരുവനെ പ്രാപ്തനാക്കുന്ന ദൈവീക സ്വാധീനമാണ് വിശ്വാസം. 2013 വിശ്വാസവർഷമായി ആചരിച്ചു, ആഘോഷിക്കുന്ന വിശ്വാസം; പ്രബോധിപ്പിച്ച വിശ്വാസം ഇവ നാം നേരത്തെ തന്നെ പര്യാലോചിച്ച് പരിപാടികൾ നടത്തിയതാണ്. ഈ ലക്കത്തിൽ നാം ഈ വിശ്വാസം ജീവിക്കേണ്ടതിനെപ്പറ്റി പര്യാലോചിക്കുന്നു. ഒരു പക്ഷെ ഏറ്റം പ്രധാനപ്പെട്ട കാര്യം ഇതു തന്നെയാണ്. "നിങ്ങൾ ലോകമെങ്ങും പോയി എനിക്കു സാക്ഷികളാകാൻ" പറഞ്ഞ കർത്താവ് നമ്മുടെ അനുദിന ജീവിതത്തിൽ ഈ ശൈലി ആവശ്യപ്പെടുന്നു.

നമ്മുടെ കേരള സംസ്കാരത്തെപ്പറ്റിയുള്ള ഒരു പൊതു അഭിപ്രായമാണ് നാം വാക്കുകൾക്കും പ്രസംഗങ്ങൾക്കും ലോഭമില്ലാത്തവരാണെന്നത്. അതിന്റെ വലിയ പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടുമിരിക്കുന്നു. നമ്മുടെ നാടിന്റെ വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനും ഒക്കെ ആവശ്യകമായ പ്രവൃത്തികൾ കുറയുകയും സംസാരങ്ങൾ ധാരാളം ഉണ്ടാകുകയും ചെയ്യുന്ന ദുരവസ്ഥ. 'സാരേ ജഹാൻസേ അച്ചാ, ഹിന്ദുസ്ഥാൻ ഹമാര' എന്നു നാം പഠിച്ചിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ ആളുകളുടെ പ്രാഥമിക കാര്യങ്ങൾ പോലും മനുഷ്യത്വപരമായ അവസ്ഥയിലും അന്തസിലും നിർവഹിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തികൊണ്ടു നമ്മുടെ നാടിനെ പ്രബുദ്ധമാക്കാൻ, സാധാരണക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഇടയാവണം.

വിശ്വാസം ജീവിക്കുമ്പോൾ നമുക്കു സംതൃപ്തി ലഭിക്കും. വാക്കും പ്രവൃത്തിയും തമ്മിൽ അകലങ്ങളില്ലാതാകും. ലോകത്തെ സ്വാധീനിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ പരിശുദ്ധ മാർപാപ്പ തിരുമേനി ഈ സന്ദേശമാണ് നമുക്കു നൽകുന്നത്. മൂല്യങ്ങൾ ഇന്ന് ചവിട്ടുകൊറ്റയിൽ എറിയപ്പെട്ടിരിക്കുകയാണ്. നന്മതിന്മകൾ എന്ന വിവേചനം പോലും വിസ്മരിക്കപ്പെടുന്നു. അവനവന്റെ സുഖവും സൗകര്യവും - ഇതിനപ്പുറത്തുള്ള ഒരു ലോകം ഇല്ലാതെയായിരിക്കുന്നു. പരസ്നേഹവും ത്യാഗവും സമർപ്പണവും വിശ്വസ്തതയും ജീവിതനൈർമ്മല്യവും എല്ലാം അസ്തമിച്ച ഒരു കാലത്തിന്റെ കിനാവുകൾ മാത്രം. നമ്മുടെ ലോകത്തിനു നാം പുതിയ ജീവിതശൈലികളും ക്രമങ്ങളും പകർന്നു നൽകണം. ഉള്ള ഇറ്റു നന്മയെ നമുക്കു വർദ്ധിപ്പിക്കണം. നമുക്കു ഇന്നു വേണ്ടത് ജീവിത മാതൃകകളാണ്. ഒഴുക്കിനെതിരെ നീന്തി ജീവിതവിജയം നാം ആർജ്ജിക്കേണ്ടതു തലമുറയുടെ ആവശ്യം തന്നെ.

ഈ അടുത്തിടെയുണ്ടായ ഒരനുഭവം പങ്കുവയ്ക്കട്ടെ. നമ്മുടെ ഒരു മകൻ തലച്ചോറു സംബന്ധമായ രോഗം ബാധിച്ച് അതീവ ഗൗരവമായ നിലയിൽ കഴിയുമ്പോൾ അതേ രോഗത്താൽ തന്നെ അവന്റെ ഭാര്യ - അവനെയും കുഞ്ഞുങ്ങളെയും നോക്കികൊണ്ടിരുന്നവൾ - പെട്ടെന്ന് മരിച്ചു. 36 വയസ്സുള്ള ആ മകൾ തന്റെ രണ്ടാമത്തെ കുഞ്ഞിനു ജന്മം നൽകിയിട്ട് 2 മാസമെ തികഞ്ഞിരുന്നുള്ളൂ. 3 വയസ്സുള്ള ഒരു കുട്ടിയും അവൾക്കുണ്ട്. രണ്ടാമത്തെ കുട്ടിയുടെ പ്രസവസമയത്ത് അവളുടെ ഭർത്താവ് തലച്ചോറു സംബന്ധമായ ഓപ്പറേഷൻ ചെയ്ത് ആശുപത്രിയിലായിരുന്നു. അവളെയും കുഞ്ഞുങ്ങളെയും നോക്കിയത് നല്ല അയൽക്കാർ. കുടുംബത്തിൽ നിന്നും ലഭിച്ച പിന്തുണ കൂടാതെ നാട്ടുകാർ അവന്റെ ചികിത്സയ്ക്കുവേണ്ടി 12 ലക്ഷത്തോളം രൂപ പല രീതിയിൽ പിരിച്ചെടുത്തു. ഇപ്പോൾ ഇതാ ആശുപത്രിയിൽ തന്നെയായിരിക്കുന്നു ഭർത്താവ്. കുഞ്ഞുങ്ങളുടെ പരിചരണം അവളുടെ സഹോദരങ്ങൾ ഏറ്റെടുത്തു. അവന്റെ ഒരേ ഒരു സഹോദരി ആശുപത്രിയിൽ അവനെ പരിചരിക്കുന്നു. അവന്റെ അമ്മയും അപ്പനും സഹോദരനും നേരത്തെ മരിച്ചുപോയിരുന്നു. ഇപ്പോഴിതാ ഈ കുഞ്ഞുങ്ങൾക്കുവേണ്ടി 10 ലക്ഷം രൂപയുടെ ഒരു കരുതൽ നിക്ഷേപം (Endowment) തുടങ്ങുന്നതിലേക്ക് അനേകം സുമനസ്സുകൾ രംഗത്തു വന്നിരിക്കുന്നു. ഇനിയും നന്മ വറ്റിയിട്ടില്ലാത്ത ലോകം. ഗ്രാമത്തിന്റെ നൈർമ്മല്യം ഇപ്പോഴും തുടിക്കുന്ന മനുഷ്യമനസ്സുകൾ. ഇതാണ് വിശ്വാസം ജീവിക്കുക എന്നത്. ആ മകളുടെ സംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു. അവൾ നമ്മെ ഈ കുഞ്ഞുങ്ങളെ ഏൽപിച്ചിട്ട് പോയിരിക്കുകയാണ്. നമുക്ക് അവരെ വളർത്തണം. ഓരോരുത്തർക്കും അവരവർക്കാവതു ചെയ്യുമ്പോൾ അവരുടെ ജീവിതങ്ങളിൽ വീണ്ടും പൊൻപ്രഭ വിരിയിക്കുവാൻ കഴിയും. ഒന്നും നിസാ

രമല്ല; അപ്രസക്തവുമല്ല. എല്ലാ തുള്ളികളും വിലയേറിയവ തന്നെ. കഴിഞ്ഞ ദിവസം പുഷ്പഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ പുനക്കുളത്തച്ചൻ പറഞ്ഞ ഒരു സംഭവം ഹൃദയസ്പർശിയായി തോന്നി. ഡിസ്ചാർജ്ജ് കൊടുത്ത ഒരുമതാവ് അന്ന് പോകുന്നില്ല എന്ന് തീരുമാനമെടുത്തു: വിവരങ്ങൾ അറിഞ്ഞപ്പോൾ എന്താണ് പ്രശ്നം എന്നറിയുവാൻ രോഗിയുടെ അടുക്കൽ ചെന്നപ്പോൾ ആ അമ്മ പറയുകയാണ്; ഈ വാർഡിന്റെ ചുമതലയുള്ള നേഴ്സ് ഇന്ന് അവധിയിലാണ്. നാളെ വരും: വരുമ്പോൾ യാത്ര ചോദിച്ചിട്ട് പോകാനാണ് എന്ന്. അച്ചനേറെ സന്തോഷം തോന്നി. ഇതല്ലേ യഥാർത്ഥ പരിചരണം. ഞാൻ വിശ്വസിക്കുന്നു എന്ന് പറയുന്നത് എന്താണെന്ന് ജീവിതം കൊണ്ടു കാണിക്കാൻ, പ്രത്യേകിച്ചും രോഗികളുടെ പക്കൽ കരുണയായി തീരുന്നതാണെന്ന് മനസ്സിലാക്കിയ നേഴ്സ്. ഇങ്ങനെ ഓരോരുത്തരും പരിശ്രമിക്കുമ്പോഴാണ് ലോകം നന്നാവുക. ഇരുട്ടിനെ ശപിക്കുവാൻ ആർക്കും കഴിയും; എന്നാൽ ഒരു നുറുങ്ങുവെട്ടം കൊളുത്താൻ ശ്രമിക്കുമ്പോഴാണ് അന്ധകാരം പോലും പ്രകാശമാകുന്നത്.

ഈ അടുത്തനാളുകളിലെല്ലാം മാദ്ധ്യമങ്ങളും കോടതികളും പൊതുജനവുമൊക്കെ തലങ്ങും വിലങ്ങും ആഘോഷിച്ച സംഭവമാണല്ലോ സരിത എന്ന സ്ത്രീയുമായി ബന്ധപ്പെട്ട വിവാദം. തെറ്റു തെറ്റ് തന്നെ. അതു ന്യായീകരിക്കുവാനല്ല ശ്രമിക്കുന്നത്. എന്നാൽ ഈ സ്ത്രീയുടെ മക്കൾ, അവളുടെ സ്വകാര്യത അവളുടെ കുടുംബം ഈ കാര്യങ്ങളെക്കുറിച്ച് ആരു ചിന്തിക്കുന്നു. ഇത്രമാത്രം ആഘോഷിക്കപ്പെടേണ്ട ഒന്നാണോ ഇത്. നാം കൂടുതൽ കുറ്റവാളികളെ സൃഷ്ടിക്കുകയാണോ അതോ തെറ്റുചെയ്തവരെ അതിൽ നിന്നും പിൻതിരിപ്പിക്കാനാണോ ശ്രമിക്കേണ്ടത്? കുഴിയിൽ വീണ പന്നിക്ക് കല്ലും കൊഴുവും എന്ന് കേട്ടിട്ടുണ്ട്. നാം കുറേക്കൂടി ആർദ്രഹൃദയരായി തീരേണ്ടതുണ്ട്. തെറ്റുകാരെ തെറ്റിൽ നിന്നും പിന്തിരിപ്പിക്കണം. അവർക്കും അവകാശങ്ങൾ ഉണ്ടെന്ന് നാം മറക്കരുത്. ഈ കുട്ടികളുടെ മുറിവുകൾ ആർക്കുണക്കുവാൻ കഴിയും? മാദ്ധ്യമങ്ങൾക്കു ചർച്ചയ്ക്കു വിഷയം ഉണ്ടാവണം. അതിൽ പൊലിഞ്ഞു പോയേക്കാവുന്ന കുരുന്നുകളുടെ നൊമ്പരം, ചുടുകണ്ണുനീർ, സമൂഹത്തെ ഇടിച്ചു തകർക്കുന്ന പേമാരിയായി തീരരുതല്ലോ. ആരും ആരേക്കാൾ മെച്ചമെന്ന് കരുതരുത്. എല്ലാവർക്കും അവരവരുടെ പുഴുക്കുത്തുകൾ ഉണ്ട്. അവ മറച്ചുപിടിക്കുന്ന രക്ഷാകവചമായി അന്യന്റെ വീഴ്ചകൾ ഉപയോഗിക്കരുത്. നന്മയുള്ള മനസിനെ ഒരു പുതിയ ലോകം സൃഷ്ടിക്കാനാവൂ.